**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **08-08-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലെ പി എ സിസ്റ്റം പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി പങ്കെടുക്കുന്ന പൊതു ചടങ്ങുകളിൽ ഉപയോഗിക്കുന്ന മൈക്ക് സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിശോധനകളാണ് നടത്തുന്നതെന്നും ആരാണ് ഇത്തരം പരിശോധനകൾ നിർവഹിക്കുന്നതെന്നും അതിന്റെ നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രി പങ്കെടുക്കുന്ന പൊതുചടങ്ങുകളിൽ ഉപയോഗിക്കുന്ന മൈക്ക്, ചടങ്ങിന് മുമ്പ് മതിയായ സുരക്ഷാ പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസിലെ ബി.ഡി.ഡി.എസ് യൂണിറ്റിലെ ഉദ്യോഗസ്ഥർ എന്നീ വിഭാഗങ്ങളാണ് ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തുന്നത്. 24.07.2023-ന് നടന്ന ഉമ്മൻചാണ്ടി അനുസ്മരണ യോഗത്തിലും ഇത്തരം പരിശോധനകൾ നടത്തിയിട്ടുള്ളതാണ്. സംരക്ഷിത വ്യക്തികളുടെ പൊതു ചടങ്ങുകളോടനുബന്ധിച്ച് നടത്തുന്ന സുരക്ഷാ പരിശോധനകളുടെ നടപടിക്രമങ്ങൾ രഹസ്യ സ്വഭാവമുള്ളവയാണ്. |
| (ബി) | 24.7.23 -ന സംഘടിപ്പിച്ച ഉമ്മൻചാണ്ടി അനുസ്മരണ യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുക്കുന്നതിന്റെ ഭാഗമായി ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തിയിരുന്നോ; എങ്കിൽ എന്തൊക്കെ പരിശോധനകളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | "എ" പരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ചടങ്ങിൽ മുഖ്യമന്ത്രി പ്രസംഗിക്കുന്നതിനിടയിൽ മൈക്കിൽ നിന്നും ഹൗളിങ് ഉണ്ടായതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ എന്തൊക്കെ കുറ്റാരോപണങ്ങളാണ് എഫ്.ഐ.ആറി. ൽ ഉൾപ്പെടുത്തിയത്; ഏതു വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും ആരെയൊക്കെയാണ് പ്രതി ചേർത്തത് എന്നുള്ള വിവരങ്ങളും എഫ്.ഐ.ആർ ന്റെ പകർപ്പും ലഭ്യമാക്കുമോ; | (സി) | ഇത് സംബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.762/2023 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിൽ ആരെയും പ്രതി ചേർത്തിട്ടില്ല. പ്രസ്തുത കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി പ്രസ്തുത കേസ് Further Action Dropped ആയി അന്തിമ റിപ്പോർട്ട് ബഹു.കോടതിയിൽ പോലീസ് സമർപ്പിച്ചിട്ടുള്ളതാണ്<br><br>എഫ്.ഐ.ആറിന്റെ പകർപ്പ് **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ഡി) | വി.ഐ.പി. കൾ പങ്കെടുക്കുന്ന പൊതുചടങ്ങിൽ മൈക്കിന് തകരാറ് സംഭവിച്ചതിനെ തുടർന്ന് 2016 | (ഡി) | "സി" പരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളിൽ ഏതൊക്കെ വകുപ്പുകൾ ചേർത്ത് ആരെയൊക്കെ പ്രതി ചേർത്തുവെന്നും ഇതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നുമുള്ള വിവരങ്ങളും ഓരോ കേസിന്റെയും എഫ്.ഐ.ആർ പകർപ്പും ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ